**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5319 — 23-05-2017-ലെ മറുപടിക്ക്

## അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ ഒഴിവുകൾ

**ചോദ്യം**

**ശ്രീ. ഇ.കെ. വിജയൻ**

**ഉത്തരം**

**ഡോ.കെ.ടി.ജലീൽ**

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലനിൽക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിനു എന്തൊക്കെ നടപടി സ്വീകരിച്ച് വരുന്നുണ്ട്;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(എ) ഉണ്ട്.

(ബി) & (സി) ഒന്നാംതരം ഓവർസിയർമാരുടെ 225 ഒഴിവുകൾ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും നികത്തിയിട്ടുള്ളതാണ്. 74 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളിലേക്ക് പി.എസ്.സി-യിൽ നിന്നും അഡ്വൈസ് നൽകിയിട്ടുണ്ട്. ആയവ ഉടൻതന്നെ നികത്തുന്നതാണ്. 2017 ഡിസംബർ വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രൊമോഷൻ ഒഴിവകളിലേക്ക് 53 പേരെ ഡി.പി.സി (ലോവർ) സെലക്ട് ചെയ്തിട്ടുണ്ട്. റിട്ടയർമെന്റ് വരുന്ന മുറയ്ക്ക് ഇവർക്ക് നിയമനം നൽകുന്നതാണ്. രണ്ടാംതരം ഓവർസിയർ തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി-യിൽ നിന്ന് അഡ്വൈസ് വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. മൂന്നാംതരം ഓവർസിയർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**